(ബി) പതിച്ചുകൊടുത്തതു ല. ലൈസൻസ്സ് പാട്ടത്തിനു കൊടുത്തതു് ര ല.

(സി) എല്ലാവരിൽനിന്നും.

മിസ്റ്റർ പി. കെ. കുഞ്ഞൻ: പതിച്ചുകൊടുത്തതു രണ്ടു് എന്നു പറഞ്ഞിട്ടുണ്ടു്. ഇതെവിടെയാണു്?

ഡോക്ടർ ഏ. ആർ. മേനോൻ: നോട്ടീസ്സു് വേണം.

DEPRESSED CLASS COLONIES—WARDENS OR MANAGERS

254. മിസ്റ്റർ പി. കെ. കുഞ്ഞൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവായി മറുപടി പറയുമോ.—

(എ) അധഃകൃത കോളനികളിൽ വാർഡനോ മാനേജരോ ആയി ഇപ്പോൾ എത്ര പേരുണ്ടു്;

(ബി) ഉള്ളവരിൽ അധഃകൃതർ എത്ര?

ഡോക്ടർ ഏ. ആർ. മേനോൻ:

(എ) അഞ്ചുപേർ.

(ബി) ആരുമില്ല.

മിസ്റ്റർ പി. കെ. കുഞ്ഞൻ: അധഃകൃതരിൽനിന്നു് ആരേയും വാർഡനോ, മാനേജരോ ആയി വെക്കാതിരിക്കുന്നതു അവരിൽ ത്രാണിയുള്ളവർ ഇല്ലാത്തതുകൊണ്ടാണോ?

ഡോക്ടർ ഏ. ആർ. മേനോൻ: ക്രമപ്രകാരം പേരെ പിരിച്ചുവിട്ടിട്ടു് ബാക്കിയുള്ളവരാണു് ഈ അഞ്ചുപേർ. ഇവർ വളരെനാളായി ജോലിചെയ്തു വരുന്നവരാണു്. ഇനി ഒഴിവുവരുമ്പോൾ അധഃകൃതരിൽപ്പെട്ടവരെ മാത്രമെ വെക്കുകയുള്ളു.

DEPRESSED CLASS COLONIES—BUILDING OF HOUSES IN—PARTICULARS REGARDING

255. മിസ്റ്റർ പി. കെ. കുഞ്ഞൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവായി മറുപടി പറയുമോ.—

(എ) കോളനികളിൽ ഇപ്പോൾ പുതുതായി വീടുകൾ പണിചെയ്തു കൊടുക്കുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടു തീരുമാനിച്ചിട്ടുണ്ടൊ;

(ബി) തീരുമാനിച്ചിട്ടുണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണു്;

(സി) ഓരോ വീടിനും എത്ര ഉറുപ്പിക വീതമാണു് ചിലവുകൊള്ളിച്ചിട്ടുള്ളതു്;

(ഡി) ഈ വീടുപണികൾ നടത്തുവാൻ ഉദ്ദേശിക്കുന്നതു് അധഃകൃത ഡിപ്പാർട്ടുമെണ്ടിൽനിന്നു നേരിട്ടൊ കൺട്രാക്ടു് വഴിയോ?

ഡോക്ടർ ഏ. ആർ. മേനോൻ:

(എ) ഡിപ്പാർട്ടുമെണ്ടു നേരിട്ടു പുതിയ വീടുകൾ കോളനികളിൽ പണിയുവാൻ തീരുമാനിച്ചിട്ടില്ല.

(ബി), (സി) & (ഡി) ഉത്തരം ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly